(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ വാഹന വിനിയോഗം ശരാശരി 80% ആകുന്നു.

(സി) 1,516.

(ഡി) 1,185.

(ഇ) കാലപ്പഴക്കം ചെന്ന ബസ്സുകൾക്കുപകരമായി പുതിയ ബസ്സുകൾ ഘട്ടംഘട്ടമായി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ എ.സി. ബസ്സുകളുടെ വരുമാനം

70 [5626] ശ്രീ. പി. കെ.അബ്ദുറബ്ബ്:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള:
„ ഇസ്ഹാക് കുരിക്കൾ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ എ.സി.ബസ്സുകളും യാത്രാ സൗകര്യം അധികമായിട്ടുള്ള മറ്റ് ബസ്സുകളും ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) ഇത്തരം കൂടുതൽ ബസ്സുകൾ ഇറക്കി സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല ഘടകങ്ങളെ ആസ്പദമാക്കിയാണ് ലാഭനഷ്ടങ്ങൾ വിലയിരുത്തുന്നത്. പുതുതായി വാങ്ങിയ ബസ്സുകളുടെ സർവ്വീസ് ഓപ്പറേഷൻ വിലയിരുത്തിവരുകയാണ്.

(ബി) ഇത്തരം ബസ്സുകളുടെ ഓപ്പറേഷൻ വിലയിരുത്തി ലാഭകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ കൂടുതൽ ബസ്സുകൾ വാങ്ങാൻ ഉദ്ദേശ്യമുണ്ട്.

(സി) കൂടുതൽ വിശകലനത്തിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളൂ.

കെ.എസ്.ആർ.ടി.സി.-യുടെ കളക്ഷൻ

71 [5627] ശ്രീ. ഇ. എം. അഗസ്തി:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എ. പി. അനിൽകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) യാത്രക്കാരുടെ തിരക്കുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് 'പീക്ക്'ടൈമായി അനുഭവപ്പെടുന്നത് എപ്പോഴെല്ലാമാണ്;

(ബി) ഈ സമയത്ത് ഒരു കിലോമീറ്ററിന് എന്തു തുക കളക്ഷൻ ലഭിക്കും;

(സി) പ്രസ്തുത സമയങ്ങളിൽ ചെയിൻ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ പരിപാടിയുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് യാത്രക്കാരുടെ കുറവ് അനുഭവപ്പെടുന്നത് എപ്പോഴെല്ലാമാണ്;

(ഇ) പ്രസ്തുത സമയങ്ങളിൽ കിലോമീറ്ററിന് എന്തു തുകയുടെ കളക്ഷൻ ലഭിക്കുമെന്ന് പറയാമോ;

(എഫ്) കളക്ഷൻ കുറയുന്ന സമയത്ത് സർവ്വീസുകളുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) രാവിലെ 9 മണിക്കും 10 മണിക്കും ഇടയിൽ.

(ബി) ഈ രീതിയിലുള്ള കളക്ഷൻ കണക്കാക്കിയിട്ടില്ല.

(സി) ഇപ്പോൾത്തന്നെ ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഡി) 11 മണിക്കും 3 മണിക്കും ഇടയ്ക്കുള്ള സമയങ്ങളിൽ യാത്രക്കാർ താരതമ്യേന കുറവാണ്.

(ഇ) ഈ രീതിയിലുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

(എഫ്) ഉദ്ദേശ്യമുണ്ട്. ഈ സമയത്തെ ട്രിപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററുകൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി

72 [5628] ശ്രീ. സി. ടി. അഹമ്മദ്അലി:
,, സി. മമ്മുട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ, സബ്ഡിപ്പോകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ, എന്നിവയുടെ പ്രവർത്തനം ലാഭത്തിലാണോ/നഷ്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏറ്റവും അധികം ലാഭം ഉണ്ടാക്കുന്നവ ഏതെല്ലാം;

(സി) ഏറ്റവും കൂടുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം;

(ഡി) നഷ്ടം കുറച്ച് ലാഭത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly